**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് ഭരണഭാഷ മാതൃഭാഷ 2018 ജൂലൈ 09 തിങ്കൾ**

---

# നെഹ്റുട്രോഫി ജലമേള: ഓഫീസ് ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: ഓഗസ്റ്റ് 11ന് പുന്നമടക്കായലിൽ നടക്കുന്ന 66ാമത് നെഹ്റുട്രോഫി ജലമേളയുടെ ഓഫീസ് ഉദ്ഘാടനം ഇന്ന് (ജൂലൈ 10) ഉച്ചകഴിഞ്ഞ് 2.30ന് ജില്ലാ കളക്ടർ എസ്. സുഹാസ് ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിർവഹിക്കും. ആർ.ഡി.ഓഫീസിനോട് ചേർന്നുള്ള കെട്ടിടത്തിലാണ് നെഹ്റുട്രോഫി ഓഫീസ് പ്രവർത്തിക്കുക.

(പി.എൻ.എ. 1607/2018)

# സൗജന്യ നേത്ര പരിശോധന ക്യാമ്പ്

ആലപ്പുഴ: മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും ഭരണിക്കാവ് എം.റ്റി.എം. എം.മിഷൻ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സൗജന്യ നേത്ര പരിശോധനയും തിമിര ശസ്ത്രക്രിയ രജിസ്ട്രേഷനും നടത്തും. ക്ഷേമനിധി ബോർഡ് ചെയർമാൻ അഡ്വ. എം.എസ്. സ്കറിയ ജൂലൈ 12ന് രാവിലെ 9.30ന് ലയൺസ് ക്ലബ് ഹാളിൽ ഉദ്ഘാടനം നിർവഹിക്കും. ബോർഡ് ഡയറക്ടർ കെ.ആർ.രവി, വിവിധ യൂണിയൻ നേതാക്കൾ എന്നിവർ പങ്കെടുക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ പരിശോധനയും മരുന്നുകളും നൽകും. ആവശ്യമായവർക്ക് സൗജന്യ ശസ്ത്രകിയ നടത്തുകയും ചെയ്യും. ജൂലൈ 11 രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ ഫോൺ മുഖനേയോ നേരിട്ടോ പേര് ബുക്ക് ചെയ്യാം. ഫോൺ: 0479- 2410568, 9188519854.

(പി.എൻ.എ. 1608/2018)

## <u>ക്വട്ടേഷൻ ക്ഷണിച്ചു</u>

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിലെ ഇൻജക്ഷൻ ഹെപ്പാറിൻ - (1000 എണ്ണം) വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂലൈ 16ന് പകൽ മൂന്നിനകം സൂപ്ര ് ഗവ.റ്റി.ഡി മെഡിക്കൽകോളജ്, ആശുപത്രി വ ാനം, ആലപ്പുഴ-5 എന്ന വിലാസത്തിൽ നൽകണം. കൂടുതൽ വിവരത്തിന്

മെഡിക്കൽ കോളജ് സൂപ്ര ് ഓഫീസുമായി ബന്ധപ്പെടുക.

(പി.എൻ.എ. 1609/2018)

# മയിൽപ്പീലിക്കൂട്ടം സ്ക്രീനിങ്ങ് ക്യാമ്പ് പൂർത്തിയായി

ആലപ്പുഴ: സർഗാത്മക തലമുറയെ വാർത്തെടുക്കാൻ ആര്യാട് ബ്ലോക്ക് ആവിഷ്ക്കരിച്ച മയിൽപ്പീലിക്കൂട്ടം പദ്ധതിയുടെ സ്ക്രീനിങ്ങ് പൂർത്തിയായി. പ്രദേശത്തിന്റെ സാഹിത്യ സാംസ്ക്കാരിക മേഖലയിൽ വലിയ മുന്നേറ്റമു ാക്കാൻ പ്രാപ്തമായ പദ്ധതിയുടെ പുതിയ ബാച്ചിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നതിനായുള്ള സ്ക്രീനിങ്ങ് ക്യാമ്പാണ് പൂർത്തിയായിരിക്കുന്നത്. സ്ക്രീനിങ്ങിനു വേ ി പ്രദേശത്തെ 13 സ്കൂളുകളിലായി നടന്ന ക്യാമ്പിൽ 600 ലേറെ കുട്ടികൾ പങ്കെടുത്തു.

കൂടുതലും കയർമത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ബ്ലോക്ക് പ്രദേശത്ത് ഈ വിഭാഗത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് സർഗാത്മക മേഖലകളിൽ കഴിവ് തെളിയിക്കാൻ അവസരം ഒരുക്കാൻ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 2016 - 17 വർഷത്തിലാണ് ബ്ലോക്കിനു കീഴിലെ 13 വിദ്യാലയങ്ങളിൽ നിന്നും ചിത്രരചന, അഭിനയം, സാഹിത്യം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി അഭിരുചിയുള്ള 300 കുട്ടികളെ തിരഞ്ഞെടുത്ത് അതാത് മേഖലകളിലെ പ്രഗത്ഭരെക്കൊ ് 3 വർഷം പരിശീലിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചത്. ബ്ലോക്ക് പ്രസിഡന്റ് ഷീന സനൽ കുമാർ, ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ജയൻ തോമസ്, വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ വിലഞ്ചിത ഷാനവാസ്, വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ കൊച്ചുത്രേസ്യ ജയിംസ്, ശ്രീഹരി, ശ്രീദേവി തുടങ്ങിയവർ നേതൃത്വം നൽകി. മയിൽപ്പീലിക്കൂട്ടം 2018 19 വാർഷിക പദ്ധതിയിലെ ക്ലാസുകൾ ഈ മാസം തന്നെ ആരംഭിക്കുമെന്ന് ബ്ലോക്ക് പ്രസിഡന്റ് ഷീന സനൽ കുമാർ അറിയിച്ചു.
പദ്ധതിയുടെ ബ്ലോക്ക് ഫാക്കൽറ്റിയംഗങ്ങളായ ജോബ്മഠത്തിൽ, വിനോദ് അചുംബിത, കിച്ചു ആര്യാട്, ചന്ദ്രലാൽ, രഘുനാഥ് വി ആർ, കണ്ണൻ, ആകാശ് വി നായക് എന്നിവർ സ്ക്രീനിങ്ങിനു നേതൃത്വം നൽകി.

(പി.എൻ.എ. 1610/2018)

# ജനകീയ മത്സ്യകൃഷി വിളവെടുപ്പ്

ആലപ്പുഴ : സംസ്ഥാന ഫിഷറീഷ് വകുപ്പും, മാവേലിക്കരബ്ലോക്ക് പഞ്ചായത്തും, തെക്കേക്കര ഗ്രാമ പഞ്ചായത്തും സംയുക്തമായി ചേർന്ന് ജനകീയ മത്സ്യകൃഷി വിളവെടുപ്പ് നടത്തി. തെക്കേക്കര പഞ്ചായത്തിലെ ആറാംവാർഡായ തടത്തിലാലിലെ സ്വകാര്യ വ്യക്തിയുടെ രേ ക്കർ വരുന്ന കുളത്തിൽ നടത്തി വന്ന ജനകീയ മത്സ്യകൃഷിയുടെ വിളവെടുപ്പാണ് നടത്തിയത്. 2017 ഒക്ടോബർ പത്തിനാണ് മാവേലിക്കര എംഎൽഎ ആർ. രാജേഷ് മത്സ്യകുഞ്ഞുങ്ങളെ കുളത്തിൽ

നിക്ഷേപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. 7500 മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. കട്‌ള, റോഹു, ഗ്രാസ്സ് കാർപ്പ്, കരിമീൻ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്. തെക്കേക്കര പഞ്ചായത്തിൽ മത്സ്യ കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ശുദ്ധജല മത്സ്യകൃഷി പദ്ധതിക്ക് തുടക്കം കുറിച്ചത്. വിളവെടുപ്പ് മഹോത്സവം മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ രഘുപ്രസാദ് ഉദ്ഘാടനം ചെയ്തു. തെക്കേക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷൈലാ ലക്ഷ്മണൻ, വൈസ്പ്രസിഡന്റ് ടി വിശ്വനാഥൻ, ഫിഷറീസ് കോർഡിനേറ്റർ ജോസ് കുളങ്ങര തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 1611/2018)

# സജിചെറിയാൻ എംഎൽഎയുടെ ഓഫീസ് ഉദ്ഘാടനം ചെയ്തു

ചെങ്ങന്നൂർ : സജി ചെറിയാൻ എംഎൽഎയുടെ ഔദ്യോഗിക ഓഫീസിന്റ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവ്വഹിച്ചു. ചെങ്ങന്നൂർ ഗവ: ജെ.ബി സ്കൂളിന് സമീപം പി.റ്റി.ഉഷാ റോഡിലാണ് ഓഫീസ് കെട്ടിടം. രാവിലെ 10 മുതൽ ഓഫീസ് പ്രവർത്തനം ആരംഭിക്കും. ഫോൺ: 0479 2450007.

(പി.എൻ.എ. 1612/2018)

# പത്താംതരം തുല്യത കോഴ്സ്: രജിസ്ട്രേഷൻ ആരംഭിച്ചു.

ആലപ്പുഴ: സാക്ഷരതാ മിഷനും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന 10 -ാം തരം, തുല്യതയുടെ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.പത്താംതരം തുല്യതാ കോഴ്സിന് ഔപചാരികമായ ഏഴാം ക്ലാസ് പാസായവർ, പത്താംക്ലാസ് തോറ്റവർ, സാക്ഷരതാമിഷന്റെ ഏഴാംതരം തുല്യത പാസായവർ എന്നിവർക്ക് അപേക്ഷിക്കാം. തുല്യതാ കോഴ്സ് പാസാകുന്നവർക്ക് ഉപരിപഠനം, പി.എസ്.സി. പരീക്ഷ, പ്രമോഷൻ എന്നിവയ്ക്ക് അർഹത ഉ ായിരിക്കും. അപേക്ഷാ ഫോറവും വിശദവിവരങ്ങളും കഞ്ഞിക്കുഴി ബ്ലോക്കിൽ പ്രവർത്തിക്കുന്ന സാക്ഷരതാമിഷന്റെ ഓഫീസിൽ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 9847431754.

(പി.എൻ.എ. 1613/2018)

# ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് നെബുലൈസർ -ഹെവി

ഡ്യൂട്ടി (12 എണ്ണം) വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ജൂലൈ 17ന് പകൽ മൂന്നിനകം സൂപ്ര ് ഗവ.റ്റി.ഡി മെഡിക്കൽകോളജ്, ആശുപത്രി വ ാനം, ആലപ്പുഴ-5 എന്ന വിലാസത്തിൽ നൽകണം. കൂടുതൽ വിവരത്തിന് മെഡിക്കൽ കോളജ് സൂപ്ര ് ഓഫീസുമായി ബന്ധപ്പെടുക.

(പി.എൻ.എ. 1614/2018)

# ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കേരള സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളജ് സർട്ടിഫിക്കറ്റ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിങ് ഡിസെബിലിറ്റിസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു ആണ് യോഗ്യത.അധ്യാപകർ, സ്പെഷ്യൽ എഡ്യുക്കേറ്റർമാർ, സൈക്കോളജിസ്റ്റ്, എഡ്യുക്കേഷൻ തെറാപ്പിസ്റ്റ് എന്നിവർക്ക് മുൻഗണന. വിശദവിവരങ്ങൾക്ക് www.src.kerala.gov.in, www.srccc.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ: 0471-2325101,2326101. ഇ-മെയിൽ: keralasrc@gmail.com. വിശദവിവരത്തിന് ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 33. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15.

(പി.എൻ.എ. 1615/2018)

# സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നു

ആലപ്പുഴ: ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, തോട്ടപ്പള്ളി, പുന്നപ്ര, ചെത്തി, അർത്തുങ്കൽ എന്നീ ലാന്റിങ് സെന്ററുകളിൽ നിന്നും കടലിൽ പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളടെയും അതിലെ ജീവനക്കാരുടെയും വിവരങ്ങൾ **സാഗര** എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതിന് സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നതിന് വാക്ക് - ഇൻ- ഇന്റർവ്യൂ നടത്തും. മാസം 15,000 രൂപ എട്ടു മാസത്തേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം. യോഗ്യതകൾ: മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.(പുരുഷൻമാർക്ക് മുൻഗണന) ബിരുദവും, കംപ്യൂട്ടർ പരിജ്ഞാനവും ഉ ായിരിക്കണം.വി.എച്ച്.എസ്.ഇ. ഫിഷറീസ് അല്ലെങ്കിൽ ജി.ആർ.എഫ്.ടി. എച്ച്.എസ്.ൽ 10-ാം ക്ലാസ്സ് വരെ പഠിച്ചവർക്ക് മുൻഗണന. പ്രായം: 20 — 45 മധ്യേ. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 16ന് രാവിലെ 11ന് ആലപ്പുഴ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ യോഗ്യത തെളിയിക്കുന്ന രേഖകളുമായി നേരിട്ട് ഹാജരാകേ താണ്. ഫോൺ - 0477 2251103

(പി.എൻ.എ. 1616/2018)

# ഭരണ പരിഷ്കാര കമ്മീഷൻ തെളിവെടുപ്പ് 17ന്

ആലപ്പുഴ: പൗരകേന്ദ്രീകൃത സേവനങ്ങൾ എന്ന വിഷയത്തിൽ ഭരണപരിഷ്കാര കമ്മീഷൻ പബ്ലിക്ക് ഹിയറിങ് നടത്തുന്നു. ഈ മാസം 17ന് രാവിലെ 10 മുതൽ ജില്ല പഞ്ചായത്ത് കോൺഫറൻസ് ഹാളിലാണ് തെളിവെടുപ്പ്. പൊതുജനങ്ങളിൽ നിന്ന് വാദം കേൾക്കും. സർക്കാർ ഓഫീസുകളുടെ പ്രവർത്തന രീതി, ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ചും കാര്യക്ഷമത സംബന്ധിച്ചുമുള്ള അഭിപ്രായം, പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ, പരാതി പരിഹാരസംവിധാനങ്ങൾ വിവരവകാശനിയമത്തിന്റെയും സേവനാവകാശ നിയമത്തിന്റെയും പലപ്രാപ്തി, ഇ-ഗവൺസിന്റെ സാധ്യതകൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായം അറിയിക്കാം.

(പി.എൻ.എ. 1617/2018)

# പുതിയ ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ഡി.റ്റി.പി.സി ഫിനിഷിങ് പോയിന്റിലെ ഹൗസ് ബോട്ടുകളിൽ നിന്നും പാർക്കിങ് ഫീസ് പിരിക്കുന്നതിന് പുതിയ ദർഘാസ് ക്ഷണിച്ചു. പുതിയ ടെൻഡർ ഫോമുകൾ ജൂലൈ 16 വരെ ഡി.റ്റി.പി.സി ഓഫീസിൽ നിന്ന് ലഭിക്കും. ജൂലൈ 18 പകൽ 12.30 വരെ സമർപ്പിക്കാം. അന്നേ ദിവസം മൂന്നിന് തുറക്കും. ഫോൺ: 0477 2251796, 9447483308.

(പി.എൻ.എ. 1618/2018)

# കാർഷിക പ്രദർശനത്തോട്ടത്തിന്റെ ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള കാർഷിക പ്രദർശനത്തോട്ടത്തിന്റെ ഉദ്ഘാടനം ഇന്ന് (ജൂലൈ 10) വൈകിട്ട് നാല് മണിക്ക് കറ്റാനം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ നടക്കുന്ന ചടങ്ങിൽ പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി സുധാകരൻ നിർവ്വഹിക്കും. യു. പ്രതിഭാഹരി എം.എൽ.എ. യോഗത്തിൽ അധ്യക്ഷത വഹിക്കും. ആർ. രാജേഷ് എം.എൽ.എ. പച്ചക്കറി തൈകളുടെ വിതരണം നടത്തും.

(പി.എൻ.എ. 1619/2018)

# വള്ളികുന്നം സ്കൂളിലെ ഹൈടെക് ക്ലാസ്

# മുറികളുടെ ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: വള്ളികുന്നം എസ്.എൻ.ഡി.പി. സംസ്കൃതം ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി സ്ക്കൂളിൽ പുതുതായി നിർമ്മിച്ച് ഹൈടെക് ക്ലാസ് മുറികളുടെ ഉദ്ഘാടനം ഇന്ന് ( ചൊവ്വാഴ്ച) ഉച്ചക്ക് ര ` മണിക്ക് പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി സുധാകരൻ നിർവ്വഹിക്കും. ആർ. രാജേഷ് എം.എൽ.എ യോഗത്തിൽ അധ്യക്ഷത വഹിക്കും.

(പി.എൻ.എ. 1620/2018)

# കനത്ത മഴയ്ക്ക് സാധ്യത;ജാഗ്രത പാലിക്കണം

ആലപ്പുഴ: ജില്ലയിൽ ജൂലായ് പത്തുവരെ കനത്ത മഴയ്ക്ക് (ഏഴുമുതൽ 20 സെന്റിമീറ്റർ വരെ)സാധ്യതയെന്ന് കാലാവസ്ഥ കേന്ദ്രം മുന്നറിയിപ്പ്. ജനങ്ങൾ ജാഗ്രത പാലിക്കണം. ലക്ഷദ്വീപിൻറെ പടിഞ്ഞാറുഭാഗത്തും, അറബി കടലിന്റെ വടക്കു ഭാഗത്തും കടൽ കൂടുതൽ പ്രക്ഷുബ്ദമായിരിക്കും. മത്സ്യത്തൊഴിലാളികൾ ലക്ഷദ്വീപിൻറെ പടിഞ്ഞാറുഭാഗത്തും, അറബി കടലിന്റെ വടക്കു ഭാഗത്തും മത്സ്യബന്ധത്തിന് പോകരുത്.

(പി.എൻ.എ. 1621/2018)

# സാക്ഷരത പരിശീലകർക്ക് പരീക്ഷാ മുന്നൊരുക്ക പരിശീലനം നൽകി

ആലപ്പുഴ: സംസ്ഥാന സർക്കാരിന്റെ സാക്ഷരതാ പദ്ധതികളിലെ 150ഓളം പരിശീലകർക്ക് ജില്ലാ പഞ്ചായത്തിൽ അവസാനവട്ട പരീക്ഷാ പരിശീലനം നൽകി. ജില്ല പഞ്ചായത്ത് സെക്രട്ടറി കെ.ആർ. ദേവദാസ് ഉദ്ഘാടനം ചെയ്തു. സഹായി സംഘടനാ ഡയറക്ടർ ജി.പ്ലാസിഡ് ക്ലാസ് എടുത്തു. അസി. കോർഡിനേറ്റർ കെ.എം സുബൈദ , ഹരിഹരൻ ഉണ്ണിത്താൻ തുടങ്ങിയവർ പങ്കെടുത്തു.

(പി.എൻ.എ. 1622/2018)

# പഴയ കെട്ടിടങ്ങൾ ലേലം ചെയ്യും

ആലപ്പുഴ:കലവൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ നിലവിലുള്ള അഞ്ച് പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനുവേ ി ലേലം ചെയ്യുന്നു. ജൂലൈ 16ന് ഉച്ചകഴിഞ്ഞ് ര ിന് സ്കൂളിൽ വച്ച് പരസ്യമായി ലേലം ചെയ്യും.

(പി.എൻ.എ. 1623/2018)

//അവസാനിച്ചു//